**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 427** **16-09-2025 - ൽ മറുപടിയ്ക്ക്**

**കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ ജില്ലയിൽ മണലൂർ നിയോജക മണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട വിപുലീകരണ പ്രവൃത്തിക്കായി 2016-2017 ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയ്ക്ക് 10/4/2017 ലെ സ.ഉ (സാ)നം.1127/2017/ ത.സ്വ.ഭ.വ പ്രകാരം ഭരണാനമതി നൽകിയിരുന്നു. നിലവിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം മണ്ണിടിച്ചിൽ ഭീഷണിയിലാണെന്നും,ടെണ്ടർ നടത്തിയ എസ്റ്റിമേറ്റ് പഴയ നിരക്കിലായതിനാലും, പുതിയ നിരക്കിൽ ജി. എസ്.ടി. 18% നൽകുമ്പോൾ ടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതെ വരുമെന്നതിനാലും; ആയത് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ തന്നെ ആസ്തിയിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന ഭാഗികമായി പൂർത്തിയായ കെട്ടിടം നവീകരണം നടത്തി, പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആ കെട്ടിടത്തിലേക്ക് മാറ്റി സേവന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ അടങ്കൽ തുക നിലവിലുള്ള ഭരണാനുമതി തുകയിൽ അധികരിക്കാതെ, പുതിയ കെട്ടിടം പണിയുന്നതിനു പകരമായി ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിന്റെ പൂർത്തീകരണം നടത്തുന്നതിനായി പുതുക്കിയ പ്രൊപ്പോസലിന്റെ പരിശോധന നടത്തി വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്കായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ മണലൂർ നിയോജക മണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട വിപുലീകരണ പ്രവൃത്തിക്കായി 2016-2017 ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയ്ക്ക് 10/4/2017 ലെ സ.ഉ (സാ)നം.1127/2017/ ത.സ്വ.ഭ.വ പ്രകാരം ഭരണാനമതി നൽകിയിരുന്നു. നിലവിൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം മണ്ണിടിച്ചിൽ ഭീഷണിയിലാണെന്നും,ടെണ്ടർ നടത്തിയ എസ്റ്റിമേറ്റ് പഴയ നിരക്കിലായതിനാലും, |

| | | | |
|---|---|---|---|
| | | | പുതിയ നിരക്കിൽ ജി. എസ്.ടി. 18% നൽകുമ്പോൾ ടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതെ വരുമെന്നതിനാലും; ആയത് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ തന്നെ ആസ്തിയിലുള്ള സ്ഥലത്ത് നിലനിൽക്കുന്ന ഭാഗികമായി പൂർത്തിയായ കെട്ടിടം നവീകരണം നടത്തി, പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തനം ആ കെട്ടിടത്തിലേക്ക് മാറ്റി സേവന നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ അടങ്കൽ തുക നിലവിലുള്ള ഭരണാനുമതി തുകയിൽ അധികരിക്കാതെ, പുതിയ കെട്ടിടം പണയുന്നതിനു പകരമായി ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിന്റെ പൂർത്തീകരണം നടത്തുന്നതിനായി പുതുക്കിയ പ്രൊപ്പോസലിന്റെ പരിശോധന നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ